(ഡി) പൊതുവിതരണ സമ്പ്രദായത്തിലെ മണ്ണെണ്ണ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് വഴിയും സംസ്ഥാന സർക്കാർ സബ്സിഡിയോടെ വെള്ള മണ്ണെണ്ണ വിതരണം മത്സ്യഫെഡ് വഴിയുമാണ് നടത്തിവരുന്നത്.

(ഇ) നിലവിൽ 9 തീരദേശ ജില്ലകളിൽ 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 12 മണ്ണെണ്ണ ബങ്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. മറ്റൊരു ബങ്കിന്റെ നിർമ്മാണ പ്രവർത്തനം (കൊല്ലം ജില്ലയിലെ തങ്കശ്ശേരിയിൽ) നടന്നുവരികയാണ്.

അക്വേറിയങ്ങൾ സ്ഥാപിക്കുവാൻ നടപടി

150 (1891) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത അക്വേറിയങ്ങളിൽ അലങ്കാര മത്സ്യങ്ങൾക്കു പുറമേ, നാടൻ മത്സ്യയിനങ്ങളെ കൂടി ഉൾപ്പെടുത്തി, അവയുടെ ഗുണഗണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ഫിഷറീസ് വകുപ്പിന് ഏതൊക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അക്വേറിയങ്ങൾ ഉണ്ട്?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴയിൽ ഫിഷറീസ് വകുപ്പിന് കീഴിൽ നിലവിൽ മത്സ്യാകൃതിയിലുള്ള ഒരു അക്വേറിയം പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമെ 338 ലക്ഷം രൂപ ചെലവഴിച്ച് 10000 സ്ക്വയർ ഫീറ്റിൽ ഒരു അക്വേറിയം കോംപ്ലക്സ് പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട്. ശുദ്ധജല മത്സ്യങ്ങൾക്ക് പുറമെ ഓരുജല, സമുദ്രജല അലങ്കാര മത്സ്യങ്ങളെ കൂടി പ്രദർശിപ്പിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

കാരാപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ കാരാപ്പുഴയിൽ ഓർണമെന്റൽ

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അക്വേറിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കഴൽ കിണർ, ഇലക്ട്രിസിറ്റി, പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിക്കുകയും ജനറേറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇനി KAVIL മുഖേന അക്വേറിയം ടാങ്കും അനുബന്ധ സാമഗ്രികളും ക്രമീകരിച്ചുകഴിഞ്ഞാൽ അക്വേറിയം വിനോദ സഞ്ചാരികൾക്ക് തുറന്നുകൊടുക്കാവുന്നതാണ്. ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രമായ വർക്കലയിൽ അഡാക്കിന്റെ ഓടയം ഹാച്ചറി കോമ്പൗണ്ടിൽ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിലേയ്ക്കായി അക്വേറിയം കോംപ്ലക്സ് കം ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ കൊല്ലം ജില്ലയിലെ തെന്മലയിൽ പബ്ലിക് അക്വേറിയം നിലവിൽ ഉണ്ട്. കൂടാതെ വൈക്കം, കോട്ടയം എന്നിവിടങ്ങളിൽ നഗരസഭയുമായി സഹകരിച്ചും പബ്ലിക് അക്വേറിയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അഡാക്കിന്റെ വർക്കലയിലുള്ള ഓടയത്തെ ഹാച്ചറി കോമ്പൗണ്ടിൽ സ്ഥാപിച്ചുവരുന്ന അക്വേറിയം കോംപ്ലക്സിൽ നാടൻ മത്സ്യങ്ങളെ പ്രദർശിപ്പിക്കുന്നതിനും ട്രെയിനിംഗ് സെന്റർ മുഖേന അവയുടെ ഗുണഗണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഡാക്കിന്റെ നെയ്യാർഡാം അക്വേറിയത്തിൽ നാടൻ മത്സ്യങ്ങൾക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നാടൻ മത്സ്യങ്ങളായ മിസ്കേരള, കരിമീൻ, ആറ്റുകൊഞ്ച്, നെടുമീൻ തുടങ്ങിയവ പ്രദർശിപ്പിച്ചുവരുന്നു.

(സി) ഫിഷറീസ് വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയും കീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ, തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാം, കൊല്ലം ജില്ലയിലെ തെന്മല, കോട്ടയം, വൈക്കം എന്നിവിടങ്ങളിൽ അക്വേറിയങ്ങൾ പ്രവർത്തിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

151 (1892) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി അംബിക, കുട്ടങ്കൽ കാക്കത്തുരുത്ത്, എരമല്ലൂർ, എഴുപുന്ന പഞ്ചായത്ത് എന്നയാൾ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നു അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly